LAB on 7.7.13 [redacted]

I.T.

**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 881

12.06.2013 -ൽ മറുപടിയ്ക്ക്

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതി

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ (ലോക്സഭയിൽ വച്ചത്) തൊഴിൽ ഇല്ലാത്തവരുടെ ശതമാന കണക്കിൽ കേരളം എത്രാം സ്ഥാനത്ത് ആയിരുന്നു ; | (എ) | കേരളം ഒന്നാം സ്ഥാനത്തായിരുന്നു. |
| (ബി) | തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽ അഭിരുചി സംബന്ധിച്ച് ആധികാരികമായ പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചി കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നൂതന പദ്ധതിയായ എംപ്ലോയബിലിറ്റി സെന്ററുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പുതിയ പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും ടെസ്റ്റുകൾക്കും വിധേയരാക്കി അവരുടെ കഴിവുകളും പോരായ്മകളും കണ്ടെത്തി ഏത് മേഖലയിലാണ് അവരുടെ |

| | | | |
|---|---|---|---|
| | | | അഭിരുചി എന്നതിനനുസരിച്ച് വിദഗ്ധ പരിശീലനം നൽകുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇപ്രകാരം താൽപര്യമുള്ള മേഖലകളിൽ നൈപുണ്യം നേടിയവരെ വിവിധ തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ടും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുകൊണ്ടും തൊഴിൽ നേടിയെടുക്കാൻ സഹായിക്കുന്നു. തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ